**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 679 **27.04.2017**-ലെ മറുപടിക്ക്

**തൃശ്ശൂർ ചൊവ്വന്നൂർ ബ്ലോക്കിലെ സുബ്രഹ്മണ്യൻ സമർപ്പിച്ച പരാതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മുരളി പെരുനെല്ലി** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഭവന പുനരുദ്ധാരണത്തിന ധനസഹായം അനുവദിച്ചുവെങ്കിലും തുക ലഭിക്കാത്തത് സംബന്ധിച്ച് ശ്രീ സുബ്രഹ്മണ്യൻ ചൊവ്വന്നൂർ ബ്ലോക്ക്, തൃശ്ശൂർ എന്നയാൾ സമർപ്പിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പരാതിയിൻമേൽ സ്വീകരിച്ച തുടർ നടപടി സംബന്ധിച്ച വിശദാംശം നൽകാമോ? | (ബി) | തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ ബ്ലോക്കിലെ 2014-15 വർഷത്തെ ഭവന പുനരുദ്ധാരണ ധനസഹായ പദ്ധതിയുടെ ഗുണഭോക്താവായ ശ്രീ സുബ്രഹ്മണ്യൻ, ചിയ്യാനിപറമ്പിൽ വീട്, മറ്റം (APLN No.MNG.080205201400001) എന്നയാളുടെ ധനസഹായത്തിന്റെ ഒന്നാം ഗഡു തുകയായ 25,000/- രൂപ വിതരണം ചെയ്യുന്നതിനായി 09.02.2014 ന് TSRR0381415 ഫയൽ പ്രകാരം ബില്ല് തയ്യാറാക്കി ബാങ്കിലേയ്ക്ക് നൽകുകയും ടി തുക ടിയാന്റെ പേരിൽ പഞ്ചാബ് നാഷണൽ ബാങ്കിലെ 4285000100075745 നമ്പർ അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുകയും ചെയ്തിരുന്നു. എന്നാൽ ടി തുക ലഭ്യമായില്ലെന്നു കാണിച്ച് ടിയാൻ നൽകിയ പരാതി പരിശോധിച്ചതിൽ ടിയാന് തുക ലഭ്യമായതായി ഇ-ഹൗസിംഗ് സോഫ്റ്റ് വെയറിൽ കണ്ടതിനാൽ ടി |

| | | | |
|---|---|---|---|
| | | | അക്കൗണ്ടിന്റെ 09.12.2014 ന ശേഷമുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് 26.04.2017 ന് ലഭ്യമാക്കുകയും ആയതിൻ പ്രകാരം തുക വിതരണം നടത്തുന്നതിന് ബാങ്കിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്.<br>രണ്ടാം ഗഡു ധനസഹായത്തുകയായ 25,000/- രൂപ 6.03.2017 ന് ബില്ല് തയ്യാറാക്കി TSRR0311617 നമ്പർ ഫയൽ പ്രകാരം 24.03.2017 ന് പഞ്ചാബ് നാഷണൽ ബാങ്കിലെ ടിയാന്റെ 4285000100075745 നമ്പർ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ